പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*115 — 06/02/2020 ലെ മറുപടി

# സ്കൂളുകളിൽ ശുചീകരണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**,, വി.ടി.ബൽറാം**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, പി.ടി. തോമസ്** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വയനാട്ടിൽ ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരണമടഞ്ഞ സംഭവത്തെ തുടർന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനം നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ദൗർഭാഗ്യകരമായ സംഭവത്തെ തുടർന്ന് സംസ്ഥാനത്തെ എല്ലാ വിദ്യാലയ ങ്ങളിലും അടിയന്തിരമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പാഴ്ച്ചെടികളും, പടർപ്പുകളും വെട്ടിമാറ്റി പരിസരം വൃത്തിയാക്കുന്നതിനും സ്കൂൾ പരിസരത്ത് ഉപയോഗ ശൂന്യമായ പാഴ് വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുന്നതിനും ആർ&ആർ.1/90010/ 17/ഡി.ജി.ഇ തീയ്യതി 22/11/2019 പ്രകാരം സർക്കുലർ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പല സ്കൂളുകളുടെയും പരിസരം കാടു കയറിയും പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരമായും ഇഴജന്തുക്കളുടെ വാസസ്ഥലമായി മാറിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ചില സ്കൂളുകളുടെ പരിസരം വൃത്തിഹീനമായിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളും പരിസരവും വൃത്തിയാക്കുന്നതിനും, ക്ലാസ് മുറികൾ, കോമ്പൗണ്ട് മതിലുകൾ, ടോയ് ലെറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ, വിടവുകളോ ഉണ്ടെങ്കിൽ അവ സിമന്റും, മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി ആർ&ആർ.1/ 90010/17/ഡി.ജി.ഇ തീയ്യതി 22/11/2019 പ്രകാരം എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകുകയും, എല്ലാ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലും ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ആർ&ആർ(1)/45245/19/ഡി.ജി.ഇ തീയതി 26/12/2019 പ്രകാരം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കിയിട്ടുമുള്ളതാണ്. |
| (സി) | സ്കൂളുകളിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഒരു തുടർ പ്രവൃത്തിയായി എല്ലാ മാസവും നടത്തുന്നതിനും സ്കൂൾ പരിസരം കുട്ടികൾക്ക് സുരക്ഷിതമാക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (സി) | ശുചീകരണ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുന്നതിനും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ